● വേദസപ്താഹത്തിന്റെ ഭാഗമായി നടന്ന പർജന്യേഷ്ടി.

● വേദസപ്താഹത്തോടനുബന്ധിച്ച് നടന്ന മുറജപം.

വേദസപ്താഹ മുറജപം; കാർഷിക സമൃദ്ധിക്കായുള്ള പർജന്യേഷ്ടി സമാപിച്ചു

കോഴിക്കോട്: കാശ്യപ വേദ റിസർച്ച് ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന വേദസപ്താഹം മുറജപം പർജന്യേഷ്ടിയോടെയും രുദ്ര ഹോമത്തോടെയും ആദ്യഘട്ടം പിന്നിട്ടു.

കാർഷികവൃത്തി സമൃദ്ധപ്പെടാനും ജലസ്രോതസ്സുകൾ സമ്പന്നമാകാനുമുള്ള പർജന്യേഷ്ടിയാണ് രാവിലെ വേദമഹാമാന്ദിരത്തിലെ ഹോമകുണ്ഡത്തിൽ പ്രധാനമായും നടന്നത്. നാലാം ദിവസമായ ഇന്നലെ ഉച്ചക്ക് ശേഷം വിഘ്ന ദുരിത തടസ്സങ്ങൾ മാറാനുള്ള രുദ്രമന്ത്രങ്ങൾ വിനിയോഗിച്ച് ചെയ്യുന്ന രുദ്രഹോമവും നടക്കുകയുണ്ടായി. മുഖ്യ പുരോഹിതനായ കേശവ് അവധാനിയാണ് ഇരു ചടങ്ങുകൾക്കും നേതൃത്വം നൽകിയത്. ഏഴ് ദിവസം നീണ്ടുനിൽക്കുന്ന വേദ സപ്താഹത്തിൽ മുറജപമാണ് ഏറ്റവും പ്രധാനം. അത് ഇന്നും തുടർന്നു. വേദം മുഴുവനും പാരമ്പര്യ രീതിയിൽ ചൊല്ലുന്ന ചടങ്ങാണ് മുറജപം. ദിവസവും രാവിലെയും ഉച്ചക്കും ശേഷവുമാണ് പ്രധാനപ്പെട്ട രണ്ട് യജ്ഞങ്ങൾ നടന്നുവരുന്നത്. ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിൽ മാത്രമാണ് ഇതിന് പുറമെ മുറജപം നടന്നുവന്നിട്ടുള്ളത്. വേദമഹാമന്ദിരത്തിൽ നടന്നുവരുന്ന 140ാമത് മുറജപമാണ് ഇത്. ഇന്ന് രാവിലെ അഗ്നവൈഷ്ണേവേഷ്ടി നടക്കും.

തുടർന്ന് ജ്ഞാനയജ്ഞവും വൈകിട്ട് ഭൂസൂക്ത ഹോമവുമാണ് നടക്കുക. കർണാടകയിലെ സംസ്കൃത ഗ്രാമമായ മത്തൂരിൽ നിന്നും ഉള്ള 11 വേദ പണ്ഡിതൻമാരാണ് ഈ ചടങ്ങുകൾക്ക് നേതൃത്വം നൽകുക.

ഇന്ധനവിലക്കയറ്റം തിരിച്ചടി; ചരക്ക് ഗതാഗത മേഖല കടുത്ത പ്രതിസന്ധിയിൽ

കോഴിക്കോട്: ഇന്ധനവിലയും അനുബന്ധ ചെലവുകളും കുത്തനെ ഉയരുന്നതോടെ സംസ്ഥാനത്തെ ചരക്ക് ഗതാഗത മേഖല പ്രതിസന്ധിയിലേക്ക്. ഡീസൽ വിലവർധനവിനൊപ്പം ടയർ, സ്പെയർ പാർട്സ്,ടോൾ ചാർജ്, ഇൻഷുറൻസ് പ്രീമിയം എന്നിവയിലെ തുടർച്ചയായ വിലക്കയറ്റം ചരക്കുകടത്ത് മേഖലയുടെ നിലനിൽപ്പിനെ തന്നെ പ്രതികൂലമായി ബാധിക്കുന്നതായി ഫെഡറേഷൻ ഓഫ് കേരള ലോറി ട്രാൻസ്പോർട്ടിങ് ഏജന്റ്സ് അസോസിയേഷൻ ഭാരവാഹികൾ പറയുന്നത്.

ദേശീയപാതകളിലെ ടോൾ നിരക്ക് വർധിപ്പിച്ചതും ഹെവി വാഹനങ്ങളുടെ ഇൻഷുറൻസ് പ്രീമിയം ഉയർത്തിയതും വാഹന ഉടമകൾക്ക് വലിയ സാമ്പത്തിക ബാധ്യതയാണ് വരുത്തിവെച്ചിരിക്കുന്നത്. ദിനംപ്രതി ലഭിക്കുന്ന വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായതോടെ ലോറി ഡ്രൈവർമാർ, ക്ലീനർമാർ, ലോഡിങ് തൊഴിലാളികൾ, ഏജന്റുമാർ തുടങ്ങി ഈ മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന ആയിരക്കണക്കിന് കുടുംബങ്ങൾ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്.

ഭൂരിഭാഗം ലോറികളും ബാങ്ക് വായ്പയെടുത്താണ് വാങ്ങിയിട്ടുള്ളത്. എന്നാൽ വരുമാനം കുറഞ്ഞതോടെ വായ്പ തിരിച്ചടവ് മുടങ്ങുകയും ബാങ്കുകൾ വണ്ടിപിടിച്ചെടുക്കുന്ന അവസ്ഥയിലെത്തുകയും ചെയ്തു. ചെലവ് താങ്ങാനാകാതെ പല ഉടമകളും ലോറികൾ സർവീസ് നിർത്തി റോഡരികിൽ കയറ്റിയിട്ടിരിക്കുകയാണ്. ഇതോടെ ആയിരക്കണക്കിന് തൊഴിലാളികളുടെ തൊഴിലും വരുമാനവും അനിശ്ചിതത്വത്തിലാണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് എത്തുന്ന ചരക്കു ലോറികൾ അതിർത്തി ചെക്ക്പോസ്റ്റുകളിൽ നേരിടുന്ന കാലതാമസം ഇന്ധനനഷ്ടത്തിനും അധിക ചെലവിനും കാരണമാകുന്നുണ്ട്. കേരളത്തിൽ നിന്ന് മടങ്ങുമ്പോൾ ആവശ്യത്തിന് റിട്ടേൺ ലോഡ് ലഭിക്കാത്തതും അന്തർസംസ്ഥാന ചരക്ക് ഗതാഗതത്തെ കൂടുതൽ പ്രതിസന്ധിയിലാക്കുന്നതായി ലോറി ഉടമകൾ ചൂണ്ടിക്കാട്ടുന്നു. ലോറി വാടക വർധിക്കുന്ന സാഹചര്യത്തിൽ ചരക്കുകൂലി ഉയർത്തേണ്ടി വന്നാൽ അരി, പച്ചക്കറി, പഴവർഗങ്ങൾ ഉൾപ്പെടെയുള്ള അവശ്യസാധനങ്ങളുടെ വിലയും വർധിക്കുമെന്ന ആശങ്കയുണ്ട്. ഇതിന്റെ ആഘാതം കേരളത്തിലെ സാധാരണ ജനങ്ങളെ നേരിട്ട് ബാധിക്കുമെന്ന് അസോസിയേഷൻ വ്യക്തമാക്കി. ഒപ്പം പ്രതിസന്ധി മറികടക്കാൻ കേന്ദ്രസർക്കാർ ഡിസലിന്മേലുള്ള എക്സൈസ് ഡ്യൂട്ടിയും സംസ്ഥാന സർക്കാർ വിൽപന നികുതിയും അടിയന്തരമായി കുറയ്ക്കണമെന്നുമാണ് അസോസിയേഷന്റെ ആവശ്യം.



● കുറ്റ്യാടിയുടെ ഓർമ്മകൾ ചരിത്ര ഗ്രന്ഥത്തിന്റെ കവർ പ്രകാശനം പി. ഹരീന്ദ്രനാഥ് നിർവഹിക്കുന്നു.

കുറ്റ്യാടി ഓർമ്മകൾ കവർ പ്രകാശനം ചെയ്തു

കുറ്റ്യാടി: കുറ്റ്യാടിയുടെ സാമൂഹികസാംസ്കാരിക ചരിത്രവും നാടിന്റെ പരിണാമവും അടയാളപ്പെടുത്തുന്ന കുറ്റ്യാടിയുടെ ഓർമ്മകൾ എന്ന പുസ്തകത്തിന്റെ കവർ പ്രകാശനം ചരിത്രകാരൻ പി ഹരീന്ദ്രനാഥ് നിർവഹിച്ചു.

കുറ്റ്യാടിയുടെ പൈതൃകം അടുത്ത തലമുറയ്ക്ക് പകർന്നു നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നത്. നാടിന്റെ വികസന നാൾവഴികൾ, സാംസ്കാരിക സവിശേഷതകൾ, മറക്കാനാവാത്ത വ്യക്തിത്വങ്ങൾ എന്നിവയെക്കുറിച്ചുള്ള അമൂല്യമായ വിവരങ്ങൾ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻ എം.എൽ.എ കെ പി കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ മുഖ്യ പ്രഭാഷണം നടത്തി. മൊയ്തു കണ്ണങ്കോടൻ അധ്യക്ഷത വഹിച്ചു.

അഹമദ് മൂന്നാംകൈ പുസ്തകം പരിചയപ്പെടുത്തി. ബാലൻ തളിയിൽ, എസ് എൻ ഷാനവാസ് എന്നിവർ സംസാരിച്ചു. സെഡ്.എ. സൽമാൻ സ്വാഗതവും സി.കെ കരുണാകരൻ നന്ദിയും പറഞ്ഞു.

പൊതിച്ചോറ് വിതരണം നിർത്തലാക്കരുതെന്ന്

കോഴിക്കോട്: മെഡിക്കൽ കോളേജ് ആശുപത്രിയിൽ സന്നദ്ധ സംഘടനകൾ സൗജന്യമായി വിതരണം നൽകിവരുന്ന പൊതിച്ചോറ് നിർത്തലാക്കാൻ സംസ്ഥാന ആരോഗ്യ വകുപ്പ് മന്ത്രി തയ്യാറാവരുതെന്ന് മെഡിക്കൽ കോളേജ് സംരക്ഷണ വികസന വേദി പ്രവർത്തകയോഗം ആവശ്യപ്പെട്ടു. ആയിരക്കണക്കിന് നിർധനരായ രോഗികൾക്കും കൂട്ടിയിരിപ്പ് കാർക്കും നൽകിവരുന്ന പൊതിച്ചോറ് ഇല്ലാതാക്കി രോഗികളെയും കൂട്ടിരിപ്പുകാരെയും പട്ടിണികിടാൻ ശ്രമിച്ചാൽ ആരോഗ്യവകുപ്പ് മന്ത്രി ഇതിന് വലിയ വില നൽകേണ്ടി വരുമെന്ന് യോഗം മുന്നറിയിപ്പ് നൽകി.

വർഷങ്ങൾക്കു മുമ്പ് തറക്കല്ലിട്ട് ഉദ്ഘാടനം ചെയ്ത മെഡിക്കൽ കോളേജ് ബസ് സ്റ്റാന്റിന്റെ പണി എത്രയും പെട്ടെന്ന് തുടങ്ങുവാനും കലാഹകരണ പഴക്കം ചെന്ന മെഡിക്കൽ കോളേജ് ഗസ്റ്റ് ഹൗസ് വേണാട് ബിൽഡിംഗ് പൊളിച്ചുമാറ്റി രോഗികളുടെയും കൂട്ടിരിപ്പുകാരുടെയും ക്ഷേമത്തിനായി പുതിയ ബിൽഡിംഗ് പണിയാൻ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും അല്ലാത്തപക്ഷം ശക്തമായ ജനകീയ മുന്നേറ്റത്തിനും സമരത്തിനും സംഘടന തയ്യാറാവുമെന്ന് യോഗം ഉന്നയിച്ചു.

യോഗത്തിൽ വാഹിദ് പൂച്ചങ്ങൽ, സേവ്യർ പാലാഴി, കല്യാണി ചെറുഫ് , കെ പി മുഹമ്മദ് കുട്ടി, പി ലീല, പി രാധാകൃഷ്ണൻ നായർ, ആനന്ദൻ മായനാട് എന്നിവർ സംസാരിച്ചു.

ജനൽസീറ്റിലെ യാത്രകളിൽ വിരിയുന്ന കവിതകൾ; പ്രദീപ് കെ. കൃഷ്ണഗാഥയുടെ സാഹിത്യലോകം

■ കരുണൻ വൈകുണ്ഠം
ബാലുശ്ശേരി

മാനസിക സമ്മർദ്ദങ്ങൾ അകറ്റാനും മനസ്സിന് ശാന്തത കണ്ടെത്താനുമായി കെ.എസ് ആർ.ടി.സി ബസിന്റെ ജനൽ സീറ്റിലിരുന്ന് നടത്തുന്ന ഒറ്റയ്ക്കുള്ള യാത്രകളാണ് കോഴിക്കോട്, വയനാട് ജില്ലകളിൽ ഡി.ഇ.ഒ (ജില്ലാ വിദ്യാഭ്യാസ ഓഫീസർ) ആയി വിരമിച്ച പ്രദീപ് കെ. കൃഷ്ണഗാഥയുടെ കവിതകൾക്ക് ചിറകേകുന്നത്. സ്ഥിരമായി ഒരേ റൂട്ടിൽ ജനൽക്കാഴ്ചകളിലേക്ക് കണ്ണും നട്ടിരിക്കുന്ന ഇദ്ദേഹത്തിന്റെ യാത്രാശീലം ഒടുവിൽ സഹയാത്രികരുടെ കൗതുകത്തിലൂടെയാണ് ഒരു മുൻ ഉദ്യോഗസ്ഥന്റെ സാഹിത്യജീവിതത്തിലേക്കുള്ള വഴിയമ്പലമായി മാറിയത്.

ഔദ്യോഗിക പദവികളുടെയാതൊരു ഗാംഭീര്യവുമില്ലാതെ സാധാരണക്കാരനായി യാത്ര ചെയ്യുന്ന പ്രദീപ്, ബഹളങ്ങൾക്കിടയിലും അക്ഷരങ്ങളുടെ ലോകത്താണ് സഞ്ചരിക്കുന്നത്. പ്രശസ്ത സംവിധായകനും എഴുത്തുകാരനുമായ പി. പത്മരാജന്റെ കടുത്ത ആരാധകനായ പ്രദീപ് കഥകളിലൂടെയാണ് സാഹിത്യരംഗത്തേക്ക് ചുവടുവെക്കുന്നത്. എന്നാൽ കോവിഡ് കാലത്തെ ഏകാന്തതയിൽ ജനിച്ച കവിതകൾ സോഷ്യൽ മീഡിയ വഴി വായനക്കാരിലേക്ക് എത്തുകയും, അത് പിന്നീട് അദ്ദേഹത്തിന്റെ ആദ്യ കവിതാ സമാഹാരമായ ചൂണ്ടുവിരൽ എന്ന പുസ്തക രൂപത്തിലേക്ക് വഴിമാറുകയും ചെയ്തു.

ഹൈക്കു മാതൃകയിലുള്ള 76 കവിതകൾ ഉൾക്കൊള്ളുന്ന ചൂണ്ടുവിരൽ ചുരുങ്ങിയ കാലം കൊണ്ട് തന്നെ വായനക്കാരുടെയും നിരൂപകരുടെയും ശ്രദ്ധ നേടിക്കഴിഞ്ഞു. വിദ്യാലയത്തിൽ അടുത്തടുത്തിരുന്ന് പഠിച്ചവർ / മോർച്ചറിയിലെ അടുത്തടുത്ത കട്ടിലിൽ കണ്ടുമുട്ടി... എന്ന വാൾമുന എന്ന കവിതയിലെ വരികൾ മാത്രം മതി അദ്ദേഹത്തിന്റെ കവിതകളുടെ ആഴം മനസ്സിലാക്കാൻ. മുമ്പ് നാടകപ്രവർത്തനങ്ങളിലും സജീവമായി ഇടപെട്ടിരുന്ന പ്രദീപ്, ഇപ്പോൾ യാത്രകളുടെ ആനന്ദത്തിലാണ് പുതിയ എഴുത്തുകൾ കണ്ടെത്തുന്നത്.



● പ്രദീപ് കെ. കൃഷ്ണഗാഥ കവിതയുടെ പുറംചട്ടയിൽ.

നിലവിൽ പ്രതികരണങ്ങൾ എന്ന് പേരിട്ടിരിക്കുന്ന തന്റെ അടുത്ത പുസ്തകം ഇറക്കുന്നതിനുള്ള പണിപ്പുരയിലാണ് അദ്ദേഹം. നടുവണ്ണൂരിൽ മക്കളുടെ പേരുകൾ ചേർത്ത് നിർമ്മിച്ച കൃഷ്ണഗാഥ എന്ന വീട്ടിലാണ് താമസം. കാവുന്തറ ജി.ഡബ്ല്യു.എൽ.പി.എസ് ഹെഡ്മിസ്ട്രസ് അനിതകുമാരിയാണ് ഭാര്യ. വാകയാട് എ.യു.പി.എസിലെ അധ്യാപകനായ ഹരികൃഷ്ണ, പിജി വിദ്യാർഥിനിയായ ഗാഥലക്ഷ്മി എന്നിവർ മക്കളാണ്.

പിടിക്കുന്ന പാമ്പുകളുമായി വളണ്ടിയർമാർ പെരുവഴിയിൽ

■ സ്വന്തം ലേഖകൻ
മുക്കം

ജീവൻ പണയപ്പെടുത്തി അതിസാഹസിക പിടിക്കുന്ന ഉഗ്രൻ വിഷപാമ്പുകളുമായി വളണ്ടിയർ ദൂരത്തിലാവുന്നു. പാമ്പുകളെ പിടികൂടാൻ സർപ്പമിത്ര, പക്ഷേ സംരക്ഷിക്കാൻ വനംവകുപ്പില്ല; മുക്കം മേഖലയിലെ റെസ്ക്യൂ വളണ്ടിയർമാർ പെരുവയിലിലായത്.

പ്രതിഫലമില്ലാത്ത സേവനം, ഒടുവിൽ വനംവകുപ്പിന്റെ അനാസ്ഥയും,മലയോര മേഖലകളിൽ ജനങ്ങളുടെ ജീവന് കാവലാളാകുന്ന സ്നേക്ക് റെസ്ക്യൂ വളണ്ടിയർമാർ കടുത്ത പ്രതിസന്ധി നേരിടുകയാണ്. താമരശ്ശേരി ഫോറസ്റ്റ് റേഞ്ചിന് കീഴിലുള്ള മുക്കം മേഖലയിലെ അംഗീകൃത പാമ്പ് പിടുത്തക്കാരാണ് വനംവകുപ്പിന്റെ കടുത്ത അനാസ്ഥയ്ക്കെതിരെ ഇപ്പോൾ രംഗത്തെത്തിയിരിക്കുന്നത്. സ്വന്തം ജീവൻ പണയം വെച്ച്, രാത്രിയെന്നോ പകലെന്നോ ഇല്ലാതെ പിടികൂടുന്ന വിഷപ്പാമ്പുകളെ വനംവകുപ്പ് ഉദ്യോഗസ്ഥർ വന്ന് ഏറ്റെടുക്കാൻ തയ്യാറാകുന്നില്ലെന്നാണ് വളണ്ടിയർമാരുടെ ആക്ഷേപം.

സർക്കാരിന്റെ ഔദ്യോഗിക സർപ്പ ആപ്പ് വഴി രജിസ്റ്റർ ചെയ്ത്, നിയമപരമായ എല്ലാ മാനദണ്ഡങ്ങളും പാലിച്ചാണ് ഈ വളണ്ടിയർമാർ റെസ്ക്യൂ നടത്തുന്നത്. പാമ്പിനെ പിടികൂടാൻ പോകുമ്പോഴും, പിടിച്ച ശേഷവും കൃത്യമായ വിവരങ്ങൾ ആപ്പിൽ അപ്‌ലോഡ് ചെയ്യണം. ഇങ്ങനെ നിയമം കൃത്യമായി പാലിച്ചിട്ടും, പിടികൂടിയ പാമ്പുകളെ വനംവകുപ്പ് വന്ന് കൊണ്ടുപോകുന്ന പതിവ് ഇപ്പോൾ പാടേ നിലച്ചിരിക്കുകയാണന്ന് വളണ്ടിയർ പരാതിപ്പെടുന്നത്.മറ്റു ജോലികൾ ചെയ്ത് ജീവിക്കുന്ന ഈ വളണ്ടിയർമാർക്ക് ഈ സേവനത്തിന് യാതൊരുവിധ പ്രതിഫലവും ലഭിക്കുന്നില്ല.

● പിടികൂടിയ പാമ്പുകളെ ചാക്കിലിട്ട് വണ്ടണ്ടിയർ ബാബു എള്ളങ്കൽ.

ഇതിനിടയിലാണ് പിടികൂടിയ പാമ്പുകളെ മുക്കത്തുനിന്നും 25 കിലോമീറ്ററിലധികം ദൂരമുള്ള താമരശ്ശേരി റേഞ്ച് ഓഫീസിൽ സ്വന്തം ചിലവിൽ എത്തിക്കേണ്ടി വരുന്ന ദുരവസ്ഥ.ഞങ്ങൾ സ്വന്തം കാശും മുടക്കി, ജീവനും പണയം വെച്ചാണ് ജനങ്ങളെ സഹായിക്കാൻ പോകുന്നത്. പക്ഷേ പാമ്പിനെ പിടിച്ചുകഴിഞ്ഞാൽ ഫോറസ്റ്റുകാർ വന്ന് കൊണ്ടുപോകില്ല. ഞങ്ങൾ തന്നെ താമരശ്ശേരി വരെ വണ്ടി വിളിച്ച് കൊണ്ടുപോയി കൊടുക്കേണ്ട അവസ്ഥയാണ് ഇപ്പോൾ ഉള്ളതെന്ന് സ്നേക് റെസ്ക്യൂ വളണ്ടിയർ ആയ ബാബു എള്ളങ്കൽ പറയുന്നത്. വനംവകുപ്പിന്റെ ഈ കടുത്ത അവഗണനകാരണം ഈ മേഖലയിലെ റെസ്ക്യൂ പ്രവർത്തനങ്ങളിൽ നിന്ന് തന്നെ പിന്മാറേണ്ടി വരുന്ന അവസ്ഥയിലാണ് വളണ്ടിയർമാർ.

മലയോര മേഖലകളിൽ ജനവാസ കേന്ദ്രങ്ങളിൽ പാമ്പുകൾ ഇറങ്ങുന്നത് പതിവായ സാഹചര്യത്തിൽ, അധികാരികളുടെ ഈ അനാസ്ഥ വരും ദിവസങ്ങളിൽ വലിയ അപകടങ്ങൾക്ക് കാരണമായേക്കാം. എത്രയും പെട്ടെന്ന് വനംവകുപ്പ് ഇതിനൊരു ശാശ്വത പരിഹാരം കാണണമെന്നാണ് നാട്ടുകാരുടെയും സർപ്പമിത്ര വളണ്ടിയർമാരുടെയും ശക്തമായ ആവശ്യം.

നാളെ വൈദ്യുതി മുടങ്ങും

കോഴിക്കോട്: ഉണ്ണികുളം സെക്ഷനിൽ സൈബർ, വയലാംകര, ആലങ്ങാപൊയിൽ, പറച്ചാൽ, മേറോത്ത്, മാങ്ങാട്, അത്തിക്കോട്, കൊല്ലരുകുന്ന്, ചീറ്റകുന്ന്, ഭജനമഠം, വള്ളിപ്പറ്റ എന്നീ പരിസരങ്ങളിൽ രാവിലെ 7:00 മുതൽ ഉച്ചക്ക് 02:00 വരെയും കോടഞ്ചേരി സെക്ഷനിൽ നെല്ലിപ്പൊയിൽ, മഞ്ഞുവയൽ എന്നീ പരിസരങ്ങളിൽ രാവിലെ 08:00 മുതൽ വൈകിട്ട് 05:00 വരെയും താമരശ്ശേരി സെക്ഷനിൽ കുടുക്കിലുമ്മാരം, പുലിക്കുന്ന് അരയറ്റകുന്ന് എന്നീ പരിസരങ്ങളിൽ രാവിലെ 08:30 മുതൽ ഉച്ചക്ക് 02:00 വരെയും ഓമശ്ശേരി സെക്ഷനിൽ അമ്പലക്കണ്ടി, നാഗകാളികാവ് കുണ്ടത്തിൽ, വെളിമണ്ണ എന്നീ പരിസരങ്ങളിൽ രാവിലെ 08:00 മുതൽ വൈകിട്ട് 04:00 വരെയും തിരുവമ്പാടി സെക്ഷനിൽ മൊറമ്പാത്തി, അച്ചൻ കടവ്, എന്നീ ട്രാൻസ്ഫോർമർ പരിധിയിൽ രാവിലെ 08:00 മുതൽ വൈകിട്ട് 05:00 വരെയും നാളെ വൈദ്യുതി മുടങ്ങും.

സലാം നടുക്കണ്ടിയെ അനുസ്മരിച്ചു

മുക്കം: സാമൂഹിക, സാംസ്കാരിക മേഖലയിലെ നിറസാന്നിധ്യവും ഗുരുശ്രേഷ്ഠ അവാർഡ് ജേതാവ്, പരിസ്ഥിതി പ്രവർത്തകൻ, ശ്രദ്ധേയനായ അനൗൺസർ, മാധ്യമ പ്രവർത്തകൻ, അതിവിശാലമായ സൗഹൃദത്തിനുടമ തുടങ്ങിവിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച സലാം നടുക്കണ്ടിയെ മുക്കം പ്രസ് ക്ലബ്ബ് അനുസ്മരിച്ചു. മുക്കം വ്യാപാര ഭവനിൽ നടന്ന ചടങ്ങിൽ സി.കെ കാസിം എം.എൽ.എ ഉദ്ഘാടനം നിർവഹിച്ചു. പ്രസ് ക്ലബ് പ്രസിഡന്റ് സി. ഫസൽ ബാബു അധ്യക്ഷത വഹിച്ചു. മുക്കം നഗരസഭ ചെയർപേഴ്സൺ അഡ്വ: കെ. പി ചന്ദിനി, കാരശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജി.അബ്ദുൽ അക്ബർ, കാഞ്ചന കൊറ്റങ്ങൽ, വ്യാപാരി വ്യവസായി ഏകോപന സമിതി പ്രസിഡന്റ് പി. അലി അക്ബർ, വ്യാപാരി വ്യവസായി സമിതി പ്രതിനിധി എ.കെ സിദ്ധീഖ്, മുഹമ്മദ് കക്കാട്, വഹാബ് കളരിക്കൽ സാമൂഹ്യസാംസ്കാരിക മേഖലയിലെ പ്രമുഖരായ സലാം കാരമൂല, യു.പി അബ്ദുൽമജീദ്,തുടങ്ങിയവർ സംസാരിച്ചു.

● അരിക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.പി രമണി ഉദ്ഘാടനം ചെയ്യുന്നു.

ചക്ക മഹോത്സവം സംഘടിപ്പിച്ചു

പേരാമ്പ്ര: കാരയാട് വൈലോപ്പിള്ളി സ്മാരക ഗ്രന്ഥാലയം വനിതാവേദിയുടെ ആഭിമുഖ്യത്തിൽ ചക്ക മഹോത്സവം സംഘടിപ്പിച്ചു.

അരിക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.പി. രമണി ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ ഒ.കെ ബാബു അധ്യക്ഷത വഹിച്ചു. താലൂക്ക് ലൈബ്രറി എക്സിക്യൂട്ടീവ് അംഗം കെ.കെ ലിസി മുഖ്യാതിഥിയായി. ചക്ക അടിസ്ഥാനമാക്കിയുള്ള വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രദർശനവും ചക്ക ഉൽപ്പന്ന നിർമാണ പരിശീലനവും നടന്നു. ഷീജ കൂത്താളി ക്ലാസ് നയിച്ചു. ചന്ദ്രിക എ.ടി സ്വാഗതവും ആർദ്രശ്രീ നന്ദിയും പറഞ്ഞു.

എം.എൽ.എ യോഗം വിളിച്ചു ചേർത്തു

നാദാപുരം: നിയോജക മണ്ഡലത്തിലെ വിവിധ വികസന പദ്ധതികൾ സമയ ബന്ധിതമായി നടപ്പിലാക്കണമെന്നും അതിന്റെ പ്രവർത്തനങ്ങൾക്ക് നല്ല മുൻതൂക്കം നൽകണമെന്നും കെ. എം.അഭിജിത്ത് എം.എൽ.എ. പറഞ്ഞു. നാദാപുരം നിയോജക മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെയും വൈസ് പ്രസിഡന്റുമാരുടെയും വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥൻമാരുടെയും യോഗത്തിലാണ് ഇക്കാര്യം ആവശ്യപ്പെട്ടത്. ബഡ്ജറ്റിൽ അനുവദിക്കപ്പെട്ട പദ്ധതികൾ അടിയന്തിര പ്രധാന്യത്തോടെ നടപ്പിലാക്കാനുള്ള നിർദേശം എം.എൽ.എ ഉദ്യോഗസ്ഥർമാർക്ക് നൽകി.ചുവപ്പ് നാടയിൽ കുരുങ്ങി പദ്ധതികൾ അനാവശ്യമായി നീണ്ടുപോകാനുള്ള അവസ്ഥയുണ്ടാകരുത്.ഇക്കാര്യത്തിൽ നല്ല ജാഗ്രതയുണ്ടാകണമെന്നും എം.എൽ.എ ഉണർത്തി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ എം.കെ സഫീറ, അഹമ്മദ് പുന്നക്കൽ, വളപ്പിൽ കുഞ്ഞമ്മദ്, സതി, മേഘ, ടി. പ്രദീപ്കുമാർ, ബിന്ദു, കുന്നുമ്മൽ ബ്ലോക്ക് പ്രസിഡന്റ് കെ. ശശീന്ദ്രൻ, തൂണേരി ബ്ലോക്ക് വൈസ് പ്രസിഡന്റ് ഷീമ വള്ളിൽ, വിവിധ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റുമാർ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ യോഗത്തിൽ സംബന്ധിച്ചു.

● നന്തി റെയിൽവേ അടിപ്പാത ജനകീയ കൺവെൻഷൻ അഡ്വ: കെ. പ്രവീൺ കുമാർ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.

നന്തി റെയിൽവേ അടിപ്പാതക്കായി ജനകീയ കൺവൻഷൻ

നന്തിബസാർ: നന്തി ടൗണിൽ പ്രവേശിക്കാൻ വഴികളടഞ്ഞ കടലൂർ കോടിക്കൽ ഭാഗത്തെ ജനങ്ങളുടെ ദുരിതം പരിഹരിക്കണമെന്ന ആവശ്യമുന്നയിച്ച് നന്തിയിൽ ജനകീയ കമ്മിറ്റിയുടെ നേതൃത്വത്തിൽ ബഹുജന കൺവൻഷൻ ചേർന്നു.

2016ൽ 4.5 ലക്ഷം റെയിൽവേയിൽ അടച്ച് തയാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 5 കോടി രൂപ റെയിൽവേക്ക് നിക്ഷേപിച്ചാൽ മാത്രമേ അണ്ടർപാസ് നിർമ്മിക്കാനാവൂ എന്നാണ് റെയിൽവേയുടെ സമീപനം. നിരവധി മനുഷ്യ ജീവനുകൾ നന്തിയിൽ റെയിലിൽ ഹോമിക്കപ്പെട്ടു ഇനിയും ഇത് അനുവദിക്കാൻ പറ്റില്ലെന്ന് ബഹുജന കൺവൻഷൻ പ്രഖ്യാപിച്ചു. കെ. പ്രവീൺ കുമാർ എംഎൽഎ കൺവൻഷൻ ഉദ്ഘാടനം ചെയ്തു.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.പി. അഖില അധ്യക്ഷയായി. വൈസ് പ്രസിഡന്റ് സി.കെ. ശ്രീകുമാർ റിപോർട്ട് അവതരിപ്പിച്ചു.

കേന്ദ്രസംസ്ഥാനസർക്കാരുകളുടെ അടിയന്തിര ശ്രദ്ധയിലേക്ക് അടിപ്പാതവിഷയം എം.പി. മാരായ ഷാഫി പറമ്പിൽ, പി.ടി. ഉഷ എന്നിവരുടെ നേതൃത്വത്തിൽ കൊണ്ടുവരുമെന്ന് എം. എൽ.എ പറഞ്ഞു.

ബ്ലോക് സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീലത, മെമ്പർമാരായ പി.കെ. മുഹമ്മദലി, അനസ് ആയടത്തിൽ ലീല പി. കെ. സജ്ന, പിരിശത്തിൽ സവിത രാഷ്ട്രീയപാർട്ടി നേതാക്കളായ കെ. ജീവാനന്ദൻ, കുഞ്ഞമ്മദ് കൂരളി ടി.കെ നാസർ, സി. ഗോപാലൻ, എം.കെ വിശ്വൻ, രജീഷ് മാണിക്കോത്ത്, ഭാസ്കരൻ ചേനോത്ത്, റസൽ നന്തി, സനീർ വില്ലങ്കണ്ടി സംസാരിച്ചു. റഫീഖ് പുത്തലത്ത് സ്വാഗതവും പി.കെ പ്രകാശൻ നന്ദിയും പറഞ്ഞു.

ലോക ജന്തുജന്യരോഗ ദിനാചരണം; ജില്ലാതല ഉദ്ഘാടനവും പാനൽ ഡിസ്കഷനും

പേരാമ്പ്ര: ലോക ജന്തുജന്യരോഗ ദിനാചരണത്തിന്റെ ഭാഗമായി ചക്കിട്ടപ്പാറയ്ൽ ജില്ലാതല ഉദ്ഘാടനവും പാനൽ ഡിസ്കഷനും സംഘടിപ്പിച്ചു.

ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് മോളി തോമസ് ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ജിതേഷ് മുതുകാട് അധ്യക്ഷത വഹിച്ചു. അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. വി.പി രാജേഷ് മുഖ്യ പ്രഭാഷണം നടത്തി.

ഡോ. സി.കെ അഫ്സൽ ദിനാചരണ സന്ദേശം നൽകി. ജില്ലാ പഞ്ചായത്ത് മെമ്പർ ഡോ. കെ.കെ ഹനീഫ, ജിൻസി, ഡോ. വിനോദ്, കെ സുരേന്ദ്രൻ, ഡോ. എൽ ഭവില, അബ്ദുൾ അസീസ് തുടങ്ങിയവർ സംസാരിച്ചു.

നിപ രോഗബ